


# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ഉള്ളടക്കം


➔ ആമുഖം

➔ ആശയങ്ങൾ

➔ ലക്ഷ്യങ്ങൾ

➔ അടിസ്ഥാന വിവരങ്ങൾ

➔ പ്രവർത്തനപദ്ധതി

➔ ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :എൽപിഎസ് അരയൻകാവ് |
| വിലാസം | :എൽ പി എസ് അരയൻകാവ്<br>പി ഒ കുലയറ്റിക്കര<br>വഴി കാഞ്ഞിരമറ്റം<br>എറണാകുളം ജില്ല, 682317 |
| യൂണിഫോം സ്കൂൾ കോഡ് | :32081300301 |
| സ്കൂൾ കോഡ് | :26413 |
| ഉപജില്ല | : തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ഉപജില്ല | : തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ജില്ല | :എറണാകുളം |
| റവന്യൂ ജില്ല | :എറണാകുളം |
| ബി ആർ സി | :തൃപ്പൂണിത്തുറ |
| സിആർസി | :ആമ്പല്ലൂർ |
| ഗ്രാമപഞ്ചായത്ത് | :ആമ്പല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | :മുളന്തുരുത്തി |
| ജില്ലാ പഞ്ചായത്ത് | :എറണാകുളം |
| നിയമസഭാ മണ്ഡലം | : പിറവം |
| ലോകസഭാ മണ്ഡലം | :എറണാകുളം |
| താലൂക്ക് | : കണയന്നൂർ |
| വില്ലേജ് | :കുലറ്റിക്കര |
| ഇമെയിൽ | : lpsarayankavu123@gmail.com |
| ക്ലാസുകൾ | : പ്രീ പ്രൈമറി ,ഒന്നുമുതൽ നാലുവരെ |
| മാനേജ്മെൻറ് | :Aided |
| പഠനമാധ്യമം | : മലയാളം ,ഇംഗ്ലീഷ് |
| വിദ്യാർഥികളുടെ എണ്ണം | :പ്രീ പ്രൈമറി - 86<br>പ്രൈമറി -189<br>ആകെ -275 |

# <u>ആമുഖം</u>

എറണാകുളം ജില്ലയുടെ അതിർത്തി ഗ്രാമമായ അരയൻകാവിൽ *1950* കൈപ്പട്ടൂർ എൽ പി സ്കൂളിന്റെ ശാഖയാഎറണാകുളം ജില്ലയുടെ അതിർത്തി ഗ്രാമമായ അരയൻകാവിൽ *1950* കൈപ്പട്ടൂർ എൽ പി സ്കൂളിന്റെ ശാഖയായി അരയൻകാവ് സ്കൂൾ ആരംഭിച്ചു. *1952* ഈ നാടിന്റെ സാംസ്കാരിക സാമൂഹിക പരിഷ്കരണങ്ങളിൽ എന്നെന്നും പങ്കാളി ആയിരുന്നതും ഈ വിദ്യാലയത്തിലെ അന്നത്തെ അധ്യാപകനുമായ ശ്രീ പി സി വാസുദേവൻ നമ്പൂതിരി അവർകൾ സ്കൂളിന് ആവശ്യമായ സ്ഥലം നൽകുകയും അധ്യാപകർ കെട്ടിടം പണിയുകയും ചെയ്തു. *1956* മുതൽ എൽ പി എസ് അരയൻകാവ് സ്വതന്ത്ര എൽ പി ആയി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് ഈ വിദ്യാലയത്തെ ഒരു സ്റ്റാഫ് മാനേജ്മെന്റ് വിദ്യാലയമായി അംഗീകരിച്ചു.

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ *2025- 26* അധ്യയന വർഷത്തിൽ പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ *275* കുട്ടികൾ പഠിക്കുന്നു. പ്രീപ്രൈമറി ക്ലാസ്സുകളിൽ രണ്ട് അധ്യാപകരും രണ്ട് ആയമാരും, പ്രൈമറി ക്ലാസ്സുകളിൽ പ്രധാന അധ്യാപിക ഉൾപ്പെടെ എട്ട് അധ്യാപകരും സേവനമനുഷ്ഠിക്കുന്നു. ഒന്നു മുതൽ നാലു വരെ രണ്ട് ഡിവിഷനുകളിലായി അധ്യയനം നടത്തിവരുന്നു.

പഠന വിഷയങ്ങളോടൊപ്പം പാഠ്യേതര വിഷയങ്ങളിലും ഈ വിദ്യാലയം അത്യധികം ശ്രദ്ധ പുലർത്തുന്നു.തൃപ്പൂണിത്തുറ സബ് ജില്ലയിൽ കഴിഞ്ഞവർഷം കലാമേളയിലും കായികമേളയിലും ഓവറോൾ ഒന്നാം സ്ഥാനവും പ്രവൃത്തി

പരിചയമേളയിൽ ഓവറോൾ മൂന്നാം സ്ഥാനവും നേടാൻ സാധിച്ചു എന്നത് അഭിമാനകരമായ ഒരു നേട്ടമായി വിലയിരുത്തപ്പെടുന്നു. സ്വദേശി ക്വിസ് അക്ഷരമുറ്റം ക്വിസ് എന്നീ ജ്യൂസ് മത്സരങ്ങളിൽ ജില്ലാതലത്തിൽ സമ്മാനങ്ങൾ നേടാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിച്ചു. കൂടാതെ വിവിധതരം ക്വിസ് മത്സരങ്ങൾ സർഗോത്സവം ചിത്രരചന മത്സരങ്ങൾ എന്നിവയ്ക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി വരികയും കുട്ടികൾ മികച്ച വിജയം ഈ മേഖലകളിൽ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

## ആശയങ്ങൾ

പാഠ്യമേഖലകളിലെ പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര മേഖലകളിലും ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ വളർത്തിയെടുക്കാനുള്ള പിന്തുണ ഒരുക്കുക. സാമൂഹ്യ സാമൂഹ്യ മൂല്യങ്ങളിൽ ഊന്നി സഹജീവികളോടും ചുറ്റുപാടിനോട് ഉള്ള സ്നേഹം അനുകമ്പ എന്നിവ വളർത്തിയെടുക്കുന്നതിനും അങ്ങനെ കുടുംബത്തിനും സമൂഹത്തിനും മാതൃകയാകുന്ന കുട്ടികളെ വാർത്തെടുക്കുക. മദ്യം മയക്കമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ ഒരു ഒരു സാമൂഹിക വിപത്താണെന്ന് തിരിച്ചറിയുകയും അതിനെതിരെ പ്രവർത്തിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ് എന്ന് തിരിച്ചറിയുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനങ്ങൾക്കും ഉറപ്പാക്കുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ സൗകര്യം മെച്ചപ്പെടുത്തുക.
- എൽകെജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടത്താൻ ഉതകുന്ന പ്രവർത്തനങ്ങളും രൂപപ്പെടുത്തൽ.
- അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിൽ ഇപ്പോൾ നടന്നു വരുന്ന പദ്ധതികൾ

| S.No | പദ്ധതിയുടെ പേര് | ലക്ഷ്യങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | മലയാളത്തിളക്കം | 2,3,4 ക്ലാസുകളിൽ മലയാളഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്കായുള്ള പ്രവർത്തന പദ്ധതി | സെജി കെ കുര്യൻ | ദീർഘകാല പദ്ധതി |
| 2 | മാമ്പഴക്കാലം | മലയാളഭാഷയിൽ മികച്ച രചനകൾ നടത്തുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നതിനുള്ള പദ്ധതി | മായ എൻ | ദീർഘകാല പദ്ധതി |
| 3 | ഉല്ലാസ ഗണിതം | ഗണിത പഠനം രസകരമാക്കാനുള്ള പദ്ധതികൾ | വിനിത കെ വി | ദീർഘകാല പദ്ധതി |
| 4 | MOSE (My Own Spoken English) | ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള പരിശീലനം | ജോസ്നി ജോർജ് | ദീർഘകാല പദ്ധതി |
| 5 | വിജയപഥം | വിവിധതരം മത്സരപരീക്ഷകൾ എൽ എസ് എസ് എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിനുള്ള പരിശീലനം | ആര്യ എസ് നായർ | ഇടക്കാല പദ്ധതി |
| 6 | ബാലപ്രതിഭ | കലാസാഹിത്യ രംഗങ്ങളിൽ കുട്ടികളുടെ മികവുകൾ കണ്ടെത്തി പ്രതിഭകളെ വാർത്തെടുക്കൽ | ആര്യ എസ് നായർ | ഇടക്കാല പദ്ധതി |
| 7 | സമൃദ്ധി | വിഭവസമൃദ്ധമായ ഉച്ചഭക്ഷണം | സെജി കെ കുര്യൻ | ഇടക്കാല പദ്ധതി |
| 8 | ബേബി കൈറ്റ്സ് | ഐസിടി സാധ്യതയിലൂന്നിയ പഠനം | ആര്യ എസ് നായർ | ഹ്രസ്വകാല പദ്ധതി |
| 9 | മഴവില്ല് | ചിത്രരചന പരിശീലനം | ആൻമേരി ഷാജി | ദീർഘകാല പദ്ധതി |
| 10 | സരൾ ഹിന്ദി | ഹിന്ദിയുടെ ആദ്യാക്ഷരങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനം | രാജി അവിരാച്ചൻ | ഹ്രസ്വകാല പദ്ധതി |
| 11 | Q- World | പൊതുവിജ്ഞാന മേഖലയിൽ കുട്ടികളെ | ജോസ്നി | ദീർഘകാല |

| | | | | |
|---|---|---|---|---|
| | | കൈപിടിച്ചുയർത്തുന്നതിനായി പ്രത്യേക പരിശീലനം | ജോർജ് | പദ്ധതി |
| 12 | ഹരിത പാഠം | വിദ്യാലയത്തിലെ പച്ചക്കറി തോട്ടം നിർമ്മാണവും പരിപാലനവും | സെജി കെ കുര്യൻ | ദീർഘകാല പദ്ധതി |
| 13 | EC<br>Eco Champs | കുട്ടികൾക്ക് അവർ ജീവിക്കുന്ന പരിസ്ഥിതിയോടും സഹജീവികളോടും ജീവജാലങ്ങളോടുമുള്ള പ്രതിബദ്ധതയും ഉത്തരവാദിത്വവും വളർത്തിയെടുക്കുന്നതിനുള്ള പരിശീലന പദ്ധതി | മായ എൻ | ദീർഘകാല പദ്ധതി |
| 14 | Mini Lab | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ | വിനിത കെ വി | ഇടക്കാല പദ്ധതി |
| 15 | നൈപുണ്യം | പ്രവൃത്തിപരിചയ മേളകളിലെ ഉന്നത വിജയത്തിനായി കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പദ്ധതി - | ആൻമേരി ഷാജി | ഇടക്കാല പദ്ധതി |
| 16 | Lead Stars | കുട്ടികളിൽ നേതൃത്വ മനോഭാവവും സഹജീവി സ്നേഹവും സഹാനുഭൂതിയും വളർത്തി സമൂഹത്തിനും കുടുംബത്തിനും മാതൃകയാകുന്ന കുട്ടികളെ വാർത്തെടുക്കുക | കാർത്തിക ടി ടി | ദീർഘകാല പദ്ധതി |
| 17 | കരുതൽ | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായം ഒരുക്കുന്നതിനുള്ള പദ്ധതി | കാർത്തിക ടി ടി | ഇടക്കാല പദ്ധതി |
| 18 | കായിക ജ്യോതി | ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പരിശീലന പരിപാടി.<br>ഏറോബിക്സ് സുമ്പ പരിശീലനം | രാജി അവിരാച്ചൻ | ദീർഘകാല പദ്ധതി |
| 19 | പഠനോത്സവം | പൊതുവിദ്യാലയ മികവുകൾ പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നതിന് പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നു. | അതാത് ക്ലാസ് അധ്യാപകർ | ഇടക്കാല പദ്ധതി |
| 20 | സഞ്ചാരം | പഠനയാത്ര,ഫീൽഡ് ട്രിപ്പ് എന്നിവയിലൂടെ ഉള്ള പഠനം | ജോസ്നി ജോർജ് | ഹ്രസ്വകാല പദ്ധതി |

<u>**2025- 2026 അധ്യയന വർഷത്തിൽ പുതുതായി ആരംഭിക്കുന്ന പ്രവർത്തന പദ്ധതികളുടെ വിശദാംശം**</u>

<u>മഴവില്ല്</u>

1.കുട്ടികളുടെ ഉള്ളിലെ ചിന്തകളും അനുഭവങ്ങളും ചിത്രരചനയിലൂടെ വ്യക്തമാക്കാൻ പ്രേരിപ്പിക്കുക
2. പരിസര ലോകം ശ്രദ്ധയോടെ കാണാനും അതിന്റെ പ്രത്യേകതകൾ തിരിച്ചറിയാനും കുട്ടികളെ സഹായിക്കുക
3. വ്യക്തിഗത ശൈലി കണ്ടെത്താനും അതിൽ ആത്മവിശ്വാസം വളർത്താനും കുട്ടികളെ പ്രേരിപ്പിക്കുക

**<u>MOSE</u>**

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താനും എഴുതാനും ഇംഗ്ലീഷ് രചനകളുടെ സ്വതന്ത്രവായനയ്ക്കും കുട്ടികളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഇതിനായി അക്കാഡമിക് മാസ്റ്റർ പ്ലാനിൽ പ്രത്യേക പ്രവർത്തനങ്ങൾ വകുപ്പ് ആവിഷ്കരിച്ചു. പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മീഡിയം കുട്ടികൾ പോലും ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിൽ പിന്നാക്കമാണെന്ന കണ്ടെത്തലിനെ തുടർന്നാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ വകുപ്പ് തീരുമാനിച്ചത്. ഇതിനായി സ്കൂളുകൾക്ക് മാർഗനിർദ്ദേശം നൽകി.ഗ്രൂപ്പ് ചർച്ച,സ്കിറ്റ്, സംവാദം, സിനിമ
# ഇംഗ്ലീഷിൽ ദൈനംദിന ക്ലാസ് റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവയ്ക്ക് പുറമേ ഇംഗ്ലീഷ് തീയറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ, ഇംഗ്ലീഷ് സംവാദം, പ്രസംഗം എന്നിവ സംഘടിപ്പിക്കും.

# ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കാനും കഥ, കവിത, ലേഖനം എന്നിവ എഴുതാനും പ്രോത്സാഹിപ്പിക്കും. ഇംഗ്ലീഷ് പത്രം, മാഗസിനുകൾ എന്നിവ തയ്യാറാക്കാൻ കുട്ടികൾക്ക് അവസരമൊരുക്കും,

# ഇംഗ്ലീഷ് സിനിമകൾ കാണാൻ അവസരമൊരുക്കും, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ എന്നിവയും വിദഗ്ധരെ പങ്കെടുപ്പിച്ച് ഇംഗ്ലീഷ് ശിൽപശാലയും നടത്തും.

# ഭാഷാ വികസനത്തിനായി ഇംഗ്ലീഷ് പഠന ആപ്പുകൾ, ഓഡിയോ വീഡിയോ പ്ലാറ്റ് ഫോമുകൾ പ്രയോജനപ്പെടുത്തുക, ഇംഗ്ലീഷ് ബ്ലോഗ് തയാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക*.

<u>ദിനാചരണങ്ങൾ</u>

1. ഒരു അധ്യായന വർഷത്തിലെ പ്രധാനപ്പെട്ട ദിനാചരണങ്ങൾ പട്ടികപ്പെടുത്തുന്നു
2. ഓരോ ക്ലാസുകളിലും ഓരോ ദിനാചരണങ്ങൾക്ക് ഒന്നോ രണ്ടോ ദിവസം മുൻപ് തയ്യാറെടുപ്പുകൾ നടത്തുന്നു.

3. പ്ലക്കാർഡുകൾ റോൾപ്ലേകൾ, പ്രസംഗങ്ങൾ, പാട്ടുകൾ ,കഥകൾ, നാടകങ്ങൾ, സ്കിറ്റുകൾ,ക്വിസ് മത്സരം മുതലായവ തിരഞ്ഞെടുക്കുന്നു.കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങളും മറ്റും അധ്യാപകർ നൽകുന്നു.
4. അവതരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളും വേദിയും ഒരുക്കുന്നു.
5. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു.
6. വീഡിയോ ഓഡിയോ ചിത്രീകരണം നടത്തി പോർട്ട് ഫോളിയോകൾ സൂക്ഷിക്കുന്നു.

ലക്ഷ്യങ്ങൾ:

*പാഠ്യേതരവും സാമൂഹികവുമായ അറിവ് വളർത്തിയെടുക്കാൻ കുട്ടികളെ സഹായിക്കുന്നു.
*ഓരോ ദിനാചരണങ്ങളുടെയും പ്രത്യേകതകളും പ്രാധാന്യവും മനസ്സിലാക്കുന്നു.

<u>പത്രവായനാശീലം</u>

വിദ്യാർത്ഥികൾക്ക് സ്വതന്ത്ര വായനയ്ക്ക് അനുയോജ്യമായ ഒരു സ്ഥലം വിദ്യാലയത്തിൽ ഒരുക്കുക
പത്രങ്ങൾ പ്രദർശിപ്പിക്കുക.
പത്രവാർത്തകൾ ശേഖരിച്ച് സൂക്ഷിക്കുക
പ്രത്യേക പതിപ്പുകൾ പ്രദർശിപ്പിക്കാൻ ബോർഡ് ക്രമീകരിക്കുക. പത്ര കട്ടിങ്ങുകൾ സൂക്ഷിക്കുന്നതിന് വളരുന്ന പതിപ്പുകൾ ക്രമീകരിക്കുക.

പ്രവർത്തനങ്ങൾ.

1. പത്ര ക്വിസ്
2. പത്രവാർത്ത സംവാദങ്ങൾ
3. ഒരേ വാർത്ത വിവിധ പത്രങ്ങളിൽ
4. എത്ര തരം വാർത്തകൾ
5. വാർത്ത വായന
6. വാർത്തകൾ മാറ്റി എഴുതാം
7. വാർത്തകൾ ചിത്രത്തിലൂടെ
8. തലക്കെട്ടിൽ നിന്നും വാർത്തകൾ തയ്യാറാക്കൽ

ലക്ഷ്യം: വായന മെച്ചപ്പെടാൻ. ഭാഷാശേഷി വളരാൻ

4. അവതരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളും വേദിയും ഒരുക്കുന്നു.
5. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു.
6. വീഡിയോ ഓഡിയോ ചിത്രീകരണം നടത്തി പോർട്ട് ഫോളിയോകൾ സൂക്ഷിക്കുന്നു

## <u>എന്റെ പിറന്നാൾ പുസ്തകം</u>

എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. ഓരോ കുട്ടിക്കും ജന്മദിനം ഏറ്റവും സന്തോഷപ്രദമാണ്. ആ ദിവസം അവിസ്മരണീയം ആക്കുന്നതിനായി അധ്യാപകരും കുട്ടികളും ഒത്തുചേർന്നുകൊണ്ട് പിറന്നാൾ മരത്തിന് ചുറ്റും ഒത്തുചേർന്ന് ആശംസകൾ പങ്കുവെക്കുന്നു. തുടർന്ന് കുട്ടി ക്ലാസ്സ് ലൈബ്രറിയിലേക്ക് എന്റെ പിറന്നാൾ പുസ്തകം സംഭാവന ചെയ്യുന്നു.

## ഉപസംഹാരം

അക്കാദമിക രംഗത്ത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് ഉണമേന്മ വിദ്യാഭ്യാസം പകർന്നു കൊടുക്കുന്ന ഒരു സ്ഥാപനം എന്ന നിലയിൽ ഉയരുന്നതിനായി എൽപിഎസ് അരയൻകാവ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പിടിഎ ,എം പി ടി എ എസ് എസ് ജി, എസ് ആർ ജി,മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർ ഒന്നു ചേർന്ന് 2025 2026 അധ്യയന വർഷത്തെ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് അവ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു.